**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4507** **19-07-2022 - ൽ മറുപടിയ്ക്ക്**

**സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീ. അൻവർ സാദത്ത് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം ലക്ഷ്യമാക്കി സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി വനം വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന ഉപ പദ്ധതിയിലൂടെ സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ 14.11.2019 ലെ സ.ഉ (സാധാ) 483/2018/പി & ഇ എ നമ്പർ ഉത്തരവ് പ്രകാരം വനത്തിനകത്ത് സ്ഥിതി ചെയ്യുന്ന സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുത്ത് സ്വാഭാവിക വനങ്ങളായി പുന:സ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. |
| (ബി) | സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; നിലവിൽ ഏതെങ്കിലും എസ്റ്റേറ്റുകൾ ഏറ്റെടുത്തിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | 03.12.2021 ൽ ചേർന്ന നാലാമത് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയിൽ സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിന് ഭൂപരിധിയുടെ പ്രയോഗക്ഷമത പരിശോധിക്കുന്നതിനായി റവന്യൂ/നിയമ വകുപ്പുകളുടെ ഉപദേശം തേടാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് പ്രസ്തുത വിഷയത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം തേടിയിരിക്കുകയാണ്. |
| (സി) | ഏറ്റെടുത്ത എസ്റ്റേറ്റുകളുടെ നഷ്ടപരിഹാര തുകയുടെ വിശദാംശം അറിയിക്കാമോ; പ്രസ്തുത പദ്ധതി ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | 03.12.2021 ൽ ചേർന്ന നാലാമത് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയിൽ സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിന് ഭൂപരിധിയുടെ പ്രയോഗക്ഷമത പരിശോധിക്കുന്നതിനായി റവന്യൂ/നിയമ വകുപ്പുകളുടെ ഉപദേശം തേടാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് പ്രസ്തുത വിഷയത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം തേടിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ